പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1471

14/12/2012-ൽ മറുപടിക്ക്

## കുടുംബശ്രീ സമരം ഒത്തുതീർപ്പ് വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീ പ്രവർത്തകർ സെക്രട്ടേറിയറ്റിനുമുമ്പിൽ നടത്തിയ സമരം എത്ര ദിവസം നീണ്ടുനിന്നു എന്നും അവർ ഉന്നയിച്ച ആവശ്യം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ ; | (എ) എട്ട് ദിവസം സമരം നടത്തി. ഒത്തുതീർപ്പുകരാറിൽ സൂചിപ്പിച്ച കാര്യങ്ങളാണ് സമരസമിതി ഉന്നയിച്ചത്. |
| (ബി) ഈ സമരംഒത്തു തീർക്കാൻ മുൻകൈ എടുത്തത് ആരായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) ഇടതുപക്ഷ ജനാധിപത്യ മുന്നണി കൺവീനർ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനപ്രകാരം ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ബഹു. ആഭ്യന്തരവകുപ്പ് മന്ത്രിയും ബഹു. പഞ്ചായത്ത് സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയും സമരസമിതിയുമായി ചർച്ച നടത്തിയിരുന്നു. |
| (സി) പ്രസ്തുത സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (സി) കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെ തുടർന്ന് ഉണ്ടാക്കിയ ഒത്തു തീർപ്പ് വ്യവസ്ഥകൾ താഴെപറയുന്നു.<br>1. കേന്ദ്രസർക്കാർ അംഗീകരിച്ച പ്രോജക്ട് രേഖയിൽ പറയുന്നപോലെ കുടുംബശ്രീ മിഷൻ ദേശീയ ഉപജീവന മിഷന്റെ കേരളത്തിലെ നോഡൽ ഏജൻസിയായിരിക്കും.<br>2. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 5-7 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടു്. അത് ഉടനടി നടപ്പിലാക്കും. എൻ.ആർ.എൽ.എം.ന്റെ പലിശ സബ്സിഡി സ്കീം ഇതുമായി ബന്ധിപ്പിക്കും. (പലിശ 4 ശതമാനമാക്കാൻ സർക്കാർ പരിശ്രമിക്കും) |

3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പാ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഭവനശ്രീ വായ്പയാണെന്ന് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം അത് ഉടൻ നടപ്പിലാക്കും. (ഏകദേശം 12.16 കോടി രൂപ)

4. കുടുംബശ്രീക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇനി ആവശ്യമുണ്ടായാൽ നൽകും.

5. മൾട്ടിപ്പിൾ ലോൺ ഉണ്ടാക്കാവുന്ന സാമ്പത്തിക ബാധ്യതയും കടക്കെണിയും പരിഗണിച്ച് അവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും

6. മേറ്റ് തെരഞ്ഞെടുപ്പിൽ സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളിൽ എ.ഡി.എസ് അംഗത്വം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തും. മാനദണ്ഡ പ്രകാരം പഞ്ചായത്ത് മേറ്റ് പട്ടിക തയ്യാറാക്കി മുൻകൂട്ടി പ്രസിദ്ധീകരിക്കും. ഇതിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിലായിരിക്കും മേറ്റിനെ നിശ്ചയിക്കുക.

7. ജനശ്രീക്ക് നൽകിയ ആർ.കെ.വി ഫണ്ട് സംബന്ധിച്ച് ബഹു:കേന്ദ്രമന്ത്രി ശ്രീ.പവാറിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എടുക്കുന്ന തീരുമാനം സർക്കാർ അംഗീകരിക്കും. സമരസമിതിക്ക് ഇനിയും പരാതിയുണ്ടെങ്കിൽ നേരിട്ട് കേന്ദ്രമന്ത്രിക്ക് അയച്ചുകൊടുക്കാവുന്നതാണ്.

(ഡി) പ്രസ്തുത വ്യവസ്ഥകൾ അംഗീകരിക്കുവാനും നടപ്പിലാക്കുവാനും ഗ്രാമവികസന വകുപ്പിന് ബാദ്ധ്യത യുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദീകരിക്കുമോ ?

(ഡി) ഒത്തുതീർപ്പു വ്യവസ്ഥകൾ അംഗീകരിക്കുവാനും നടപ്പിലാക്കുവാനും സർക്കാരിന് ബാധ്യതയുണ്ട്.

സെക്ഷൻ ഓഫീസർ